(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കൂടുതൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കുവാൻ നടപടി

25 [1855] *ശ്രീ. ചെർക്കളം അബ്ദുള്ള:*

,, *കളത്തിൽ അബ്ദുള്ള:*

,, *യു. സി. രാമൻ:*

,, *ടി. പി. എം. സാഹിർ:*

,, *സി. മോയിൻ കുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യക്കാർക്ക് പല സ്ഥലങ്ങളിലും ലഭിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു;

(സി) കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യത്തിന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൂടുതൽ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്തെ എല്ലാ സ്റ്റാമ്പ് ഡിപ്പോകളിലും ചെറിയ ഇനം കോർട്ട് ഫീ സ്റ്റാമ്പുകൾ ആവശ്യത്തിന് സ്റ്റോക്ക് ഉള്ളതിനാൽ ഈ ഇനം സ്റ്റാമ്പുകൾക്ക് ഇപ്പോൾ ക്ഷാമം അനുഭവപ്പെടുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. എഫ്. ഇ. യിലെ ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

26 [1856] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ഇപ്പോൾ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ് കണക്കാക്കിയിട്ടുണ്ട്;

(ബി) ഈ സ്ഥാപനത്തിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള ഒഴിവ് പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

---

†അനുബന്ധം IX (a), (b), (c) & (d)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതുപ്രകാരം ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) - (സി) വിവരം ശേഖരിച്ചു വരുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

27 [1857] *ശ്രീ കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2003-04, 2004-05 വർഷങ്ങളിൽ ചെറുകിട വ്യവസായ സംരംഭകരിൽ നിന്ന് വായ്പാ കുടിശ്ശികയിനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി സ്വരൂപിച്ച തുകയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പീഡിത വ്യവസായ പദ്ധതിയിൽ ഉൾപ്പെട്ടവരിൽനിന്നും പലിശയും, പിഴപ്പലിശയും ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ കാലഘട്ടത്തിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര പേരുടെമേൽ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പീഡിത വ്യവസായ പദ്ധതിയിൽ ഉൾപ്പെട്ട ചെറുകിട വായ്പാ കുടിശ്ശികക്കാരുടെ പേരിലുള്ള പലിശയും, പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2003-04-ൽ 583 വ്യവസായ സ്ഥാപനങ്ങൾക്ക് 51.09 കോടി രൂപയുടെയും 2004-05-ൽ 353 വ്യവസായങ്ങൾക്കായി 33.56 കോടി രൂപയുടെയും ഒറ്റത്തവണ തീർപ്പാക്കൽ അംഗീകരിച്ചതിൽ 2 വർഷത്തിലുമായി 47.45 കോടി രൂപ സ്വരൂപിക്കുകയുണ്ടായി. ബാക്കി 37.20 കോടി രൂപ കിട്ടാനുമുണ്ട്.

(ബി) പീഡിത വ്യവസായ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വ്യവസായങ്ങൾക്ക് പദ്ധതിയുടെ തിരിച്ചടവിനുള്ള സാദ്ധ്യത കണക്കാക്കി പലിശയിൽ ഇളവ് അനുവദിക്കാറുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവുകൾ നൽകിക്കഴിഞ്ഞും കുടിശ്ശിക വരുത്തിയാൽ പിഴപ്പലിശയും ഈടാക്കാറുണ്ട്.

(സി) ഈ കാലഘട്ടത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 7 വ്യവസായ സ്ഥാപനങ്ങളുടെ പേരിൽ പുനഃരുദ്ധാരണ സൗകര്യം കൊടുത്തിട്ടും തിരിച്ചടവ് നടത്താത്തതുകൊണ്ട് ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly